ഓർമ്മയുടെ സൈക്കിൾ

കെ.ആർ. ഇന്ദിര

# ആറ്റുനോറ്റൊരു സൈക്കിൾ



പൈനാപ്പ്ൾ പോലൊരു പെണ്ണ്
പാൽപ്പായസം പോലൊരു പെണ്ണ്
പഞ്ചാരച്ചിരി കൊണ്ട് പഞ്ചായത്താകെ
പലിശയ്ക്കു വാങ്ങണ പെണ്ണ്...

എന്നു പാടിക്കൊണ്ട് അന്തംവിട്ട് സൈക്കിൾ ചവിട്ടിവിട്ട് വെള്ളത്തിൽപ്പോയി വീണത് പ്രേംനസീറോ? ബഹദൂറോ? ബഹദൂറായിരിയ്ക്കും. ആ പാട്ടും സ്വരവും അദ്ദേഹത്തിനാണ് യോജിയ്ക്കുക. ഇളിഭ്യനാവാനും ചിരിപ്പിയ്ക്കാനും നല്ലത് ബഹദൂർ തന്നെ.

എന്തായാലും വെള്ളിത്തിരയിലെ ആദ്യത്തെ ഓർമ്മയിൽ സൈക്കിളുണ്ടായിരുന്നു.

അത്ഭുത വസ്തുവായ സൈക്കിൾ.

രണ്ട് ചക്രം കൊണ്ട് ഉലകം ചുറ്റുന്ന ആ അത്ഭുതവസ്തു അന്യാധീനത്തിൽ കണ്ടുകണ്ട് എന്റെ കാലം പോയി.

നാട്ടിൽ ചുരുക്കം ചിലർ മാത്രം സൈക്കിളോട്ടിയ കാലത്ത് എപ്പോഴെങ്കിലും ആരാനും സൈക്കിളിൽ വന്ന് പടിയ്ക്കൽ സൈക്കിൾ നിർത്തി വീട്ടിലേയ്ക്ക് കയറി വരുമ്പോൾ ഞങ്ങൾ ശരം വിട്ടപോലെ പടിയ്ക്കലേയ്ക്കോടുമായിരുന്നു അപ്പോൾ തത്ക്കാല നാടകങ്ങളിലെ കഥാപാത്രങ്ങളിൽ നിന്ന് പുറത്താവുന്നതുപോലെ അറിയാതെ പോയിരുന്നു എന്ന് ബാല്യം കഴിഞ്ഞിട്ടേ അറിഞ്ഞുള്ളൂ. അക്കാലത്ത് ബോബനും മോളിയും മൊട്ടയുമായിട്ടാണ് ഒഴിവുനേരങ്ങളിൽ ഞങ്ങൾ കഴിഞ്ഞുപോന്നത്. വീടിനു പടിഞ്ഞാറുള്ള ഭൂഖണ്ഡത്തിലെ വനമേഖലയിലേയ്ക്ക് രാമനും സീതയും ലക്ഷ്മണനുമായി വില്ലും ശരവുമേന്തി പുറപ്പെടുന്ന നേരത്തായിരിയ്ക്കും. ' ക്ർണിം... ക്ർണിം...' വനവാസം പിന്നത്തേയ്ക്ക് മാറ്റിവെച്ച മോളിയും മൊട്ടയും തിരിഞ്ഞോടുമ്പോൾ ബോബൻ 'ഇതൊന്നും അന്തസ്സുള്ളവർക്ക് ചേർന്നതല്ല' എന്ന് പറയാതെ പറഞ്ഞ് പാടുനോക്കിപ്പോവും.

സൈക്കിളിന്റെ വശത്ത് കുന്തിച്ചിരുന്ന് മോളി പെഡൽ ഊക്കിൽ, ഊഊക്കിൽ, ഊഊഊക്കിൽ കറക്കും. പെഡലിന്മേലുള്ള ചുവന്നചിത്രം വായുവിൽ

വൃത്തം വരയ്ക്കും. സൈക്കിൾച്ചക്രം അത്യുഗ്രവേഗത്തിൽ കറങ്ങും. കിടി... കിടി... കിടി... എന്നൊരു മൃദുശബ്ദത്തോടെ ചക്രത്തിന്റെ കമ്പികൾ വേഗം കൂടിക്കൂടി അപ്രത്യക്ഷമാവും. വായുവിൽ ലയിച്ചതാവും ചക്രത്തിന്റെ നടുക്ക് കോർത്തിട്ടുള്ള വർണ്ണശബളമായ നൈലോൺ നാരുകൾ കൊണ്ടുള്ള ചക്രം കറങ്ങിക്കറങ്ങി ഒരു മഴവില്ലുണ്ടാവുന്നു. അങ്ങനെ കറക്കും. അതിന്റെ പരമാവധിയിലെത്തുമ്പോൾ പെഡലിൽ നിന്ന് കൈയെടുക്കുന്നു. അതുവരെ ശ്വാസം വിടാതിരുന്ന മോളി ശക്തിയായി ഉച്ഛ്വസിച്ച് വിജയിയായി ചിരിയ്ക്കുന്നു. ശ്വാസം പിടിച്ച് കറങ്ങിക്കൊണ്ടിരുന്ന സൈക്കിൾ ദീർഘശ്വാസം വിട്ട് വേഗം കുറഞ്ഞ് പതുക്കെ നിൽക്കാൻ തുടങ്ങുന്നു.

വീണ്ടും...

അങ്ങനെ കറങ്ങുമ്പോഴാണ് ഉണങ്ങിയ തേക്കില കറങ്ങുന്ന ചക്രത്തിന്റെ കമ്പികളിൽ തൊടുവിയ്ക്കുന്ന വിദ്യ മൊട്ട അവതരിപ്പിച്ചത്.

കട... കട... കട... കട... കട... കട... കട... കട... കട...

മേളം, കൂട്ടപ്പൊരിച്ചിൽ

ഒരു സൈക്കിൾ മോഹിയ്ക്കാനുള്ള യോഗ്യത ബാല്യകാലത്തില്ലാതിരുന്നതുകൊണ്ട് മോഹഭംഗം ഒഴിവായിക്കിട്ടി എന്നതിന് ഈയിടെ ഞാൻ ഒരു പാടുപേരോടു നന്ദി പറഞ്ഞു. (കിട്ടാതെ പോയ സൗഭാഗ്യങ്ങളുടെയൊക്കെ കണക്ക് ആരാരുടെ താളുകളിൽ എഴുതിച്ചേർക്കുന്നു എന്ന് അന്വേഷിയ്ക്കുന്ന ഘട്ടം എല്ലാവരുടേയും ജീവിതത്തിലുണ്ടല്ലൊ)

പക്ഷേ എന്നും സൈക്കിൾ അങ്ങുമിങ്ങും പതുങ്ങി നിന്ന് എന്നെ നീളത്തിൽച്ചവിട്ടുകയും വട്ടത്തിൽക്കറക്കുകയും ചെയ്ത് രസിച്ചു കൊണ്ടിരുന്നു.

ആറാം ക്ലാസ്സിൽ - ടെയ്‌ലർ സുബ്രഹ്മണ്യന്റെ റാലി സൈക്കിളിനെ ഓടിത്തോൽപ്പിച്ചത്,

എട്ടാംക്ലാസ്സിൽ - സൽസ്വഭാവിയായ ഹേമചന്ദ്രന് അനിയത്തിയെ കാരിയറിൽക്കയറ്റുമ്പോൾ ബാലൻസ് തെറ്റിയതിന് നെറികെട്ട 'ചെക്കൻമാർ' കൂവി വിളിച്ചപ്പോൾ ധാർമ്മികരോഷം കൊണ്ടത്.

പത്താം ക്ലാസ്സിൽ - സൈക്കിൾ തട്ടി താഴെവീണ സഹപാഠിനിയെ കോരിയെടുത്ത് വീരനായികയായത്.

വൈഭവങ്ങൾ ഓർത്തുവെയ്ക്കുകയാണ്.

ഇങ്ങനെയൊക്കെയല്ലേ സർ, അഹങ്കാരിയാവുക?

എന്തു പറഞ്ഞിട്ടെന്താ?

ആറ്റുനോറ്റ് വീട്ടിലൊരു സൈക്കിൾ വന്നപ്പോഴേയ്ക്കും ഒന്നരയുടുക്കേണ്ട പ്രായമായിപ്പോയി. ഒന്നരയുടുപ്പിച്ചാൽ ഒരു മാതിരിപ്പെണ്ണുങ്ങളൊന്നും പിന്നെ മരം കയറില്ല.

ആശയ സമരങ്ങളിൽ വിജയം കൊയ്യാൻ കാലമേറെ വേണ്ടിവന്നതു കൊണ്ടും നയചാതുര്യം തീരെയില്ലാത്തതുകൊണ്ടും നല്ലകാലത്തൊന്നും എനിയ്ക്ക് സൈക്കിളിൽ കയറാനിയില്ല.

പിന്നെ, മുപ്പത്തെട്ടാം വയസ്സിൽ സ്കൂട്ടറോടിയ്ക്കാൻ പഠിയ്ക്കണം എന്ന പൂതിയുമായിച്ചെന്നപ്പോൾ ഡ്രൈവിംഗ് സ്കൂളിലെ ടീച്ചർ ഒരു സൈക്കിൾ റോട്ടുവക്കിൽ നിർത്തി വച്ച് പരിചയപ്പെടുത്തിരുന്നു.

'ഇത് സൈക്കിൾ, ഇത് ഫ്രന്റ് വീൽ, ഇത് ബാക്ക് വീൽ, ഇത് ഹാന്റ്‌ൽ, ഇത് ബ്രെയ്ക്ക്.'

' ശരി '

' ഇടതുവശം ചേർന്നു നിന്നുകൊണ്ട് സൈക്കിൾ ഹാന്റ്‌ൽ രണ്ട് കൈകളും കൊണ്ട് പിടിച്ച് ഉരുട്ടിക്കൊണ്ട് നടന്ന് ഈ റോഡിന്റെ ആ അറ്റം വരെ പോയി തിരിച്ചു വരൂ. '

അങ്ങനെ ഞാൻ സൈക്കിളോടിയ്ക്കാൻ പഠിച്ചു എന്നു പറഞ്ഞാൽ മതിയല്ലൊ എന്നാണ് ചരിത്രം അവസാനിപ്പിക്കേണ്ടത്. എന്നാൽ ചരിത്രം അവസാനിയ്ക്കുന്നില്ലല്ലൊ.

ആപ്പീസർക്ക് സൈക്കിളോടിയ്ക്കാൻ പാടുണ്ടോ?

ഇല്ല.

ആപ്പീസർക്ക് റ്റൂവീലർ ഓടിയ്ക്കാനും പാടില്ലാത്ത കാലമായത്രെ.

കാറ് തന്നെ വേണം പോലും.

പെട്രോളിനൊക്കെ ഇപ്പൊ എന്താ വെല?!

ബുദ്ധിയും വിവരവുമുള്ള രാജ്യങ്ങളിലൊക്കെ സുന്ദരൻ സൈക്കിളുകളും അതിനേക്കാൾ സൗന്ദര്യമുള്ള സവാരിക്കാരും നല്ല നല്ല സൈക്കിൾ പാത്തുകളും കാണാറുണ്ട്. അവിടെ യൗവനത്തിന്റെ പ്രതീകമാണ് സൈക്കിൾ. ചൈതന്യത്തിന്റെ വാഹകനാണ് സൈക്കിൾ.

'കറുപ്പിനഴക്... നൂറഴക്' എന്നു പാടിക്കൊണ്ട് പെൺകിളികൾ 'സ്വപ്നക്കൂട' കളിൽ പൂക്കൾ നിറച്ച് പറന്നു നടന്നപ്പോൾ, തകർത്താടിയപ്പോൾ ഇവിടെയും 'സൈക്കിൾ തരംഗം' വരുന്നു എന്ന് പ്രതീക്ഷിച്ചു. പക്ഷേ, നിർഭാഗ്യവശാൽ അത് കുളത്തിൽ കല്ലിട്ടുണ്ടാക്കിയ ചിറ്റോളം മാത്രമായി ചുരുങ്ങിപ്പോവുകയാണുണ്ടായത്.

സൈക്കിളിന് അന്തസ്സുണ്ടാവാൻ എന്താണ് വഴി? ആര് സൈക്കിളോടിച്ചാൽ ജനം അത് അനുകരിയ്ക്കും. രാഷ്ട്രീയ പ്രവർത്തകർ? സാഹിത്യകാരന്മാർ? സാംസ്കാരിക നായകന്മാർ? കലാകാരന്മാർ? സിനിമാ നടീനടന്മാർ?

ഈ നിത്യസഞ്ചാരിയെ പിൻപറ്റി അനന്തസാദ്ധ്യതകളിലേയ്ക്കണയാമല്ലൊ നമുക്ക്. വീടിന്റെ പിൻചുമരോരം പറ്റി പതുങ്ങിയിരിയ്ക്കുന്ന ഇവൻ നിമിഷംകൊണ്ട് ഹെർക്കുലിസോ, ഹീറോയോ ആയി മാറുന്നു. ഒറ്റയടിപ്പാതകളിലൂടെ, പുഴയോരത്തൂടെ, പുഴയുടെ മണൽപ്പരപ്പിനു കുറുകെ, പാടവരമ്പത്തൂടെ അവൻ ചേർന്നു നടക്കുന്നു. അനുസരണയുള്ള നായ്ക്കുട്ടിയെപ്പോലെ ഞാൻ നടക്കുമ്പോൾ അവൻ കൂടെ നടക്കുന്നു. നിൽക്കുമ്പോൾ അവൻ തല ഇടതുവശം ചെരിച്ച് കാലിൽച്ചാരി ചെവിയോർത്തു നിൽക്കുന്നു. ഓടുമ്പോൾ നെടുനീളെ കൂടെയോടുന്നു. അഭേദ്യമായ ഏകത്വം പോലെ. അലോസരങ്ങളും ആവശ്യങ്ങളുമില്ലാത്ത വിനീതനായ സഹചാരിയെപ്പോലെ.

ആരും കാണാതെ ഉണങ്ങിയ തേക്കിലയുമായി മകന്റെ സൈക്കിളിനെ സമീപിച്ച് കുനിഞ്ഞിരുന്ന് പെഡൽ പിടിച്ച് കറക്കി. ചക്രം അനങ്ങിയില്ല!

ഇപ്പോഴത്തെ സൈക്കിളുകൾക്കൊന്നും പിറകിലെ സ്റ്റാന്റ് ഇല്ല. ഒരു വശത്ത് ചെരിച്ചു നിർത്താവുന്ന കമ്പിയിലാണ് സൈക്കിളിന്റെ ചാരിനിൽപ്പ്. രണ്ട് ചക്രവും ഊന്നിക്കൊണ്ടുള്ള നിൽപ്പ്! ചക്രം കറങ്ങുകയേ ഇല്ല.

ഇപ്പോഴത്തെ കുട്ടികൾക്കൊന്നും ഇത്തരം കൗതുകങ്ങൾ ആവശ്യമില്ലല്ലൊ. തിരിയുന്ന ചക്രത്തിനിടയിൽ വിരൽ കുടുങ്ങുമ്പോഴുതിരുന്ന കണ്ണീർമുത്തുകളും ഇന്നില്ല. ●